പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 1129

12.06.2014-ൽ മറുപടി നൽകേണ്ടത്

## ലാന്റ് ബാങ്കിന്റെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. ഗീതാ ഗോപി | ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) ലാന്റ് ബാങ്കിന്റെ പ്രവർത്തനം ഇപ്പോൾ ഏത് രീതിയിലാണ് നടക്കുന്നത് ; ബാങ്ക് പ്രവർത്തനം സജീവമായി നടക്കുന്നുണ്ടോ; | (എ) സംസ്ഥാനത്ത് വിവിധ ജില്ലകളിലുള്ള സർക്കാർ ഭൂമിയുടെ വിശദാംശങ്ങൾ ഫോട്ടോസഹിതം ബന്ധപ്പെട്ട ജില്ലാ കളക്ടർമാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ലാന്റ് ബാങ്കിന്റെ വെബ്സൈറ്റിൽ സജീവമായി ഉൾപ്പെടുത്തി വരുന്നു. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലാന്റ് ബാങ്കിന് കൈമാറിയ ഭൂമിയുടെ വിസ്തീർണ്ണം എത്രയെന്ന് വിശദമാക്കുമോ; | (ബി) 2034.9174 ഹെക്ടർ ഭൂമി |
| (സി)അന്യാധീനമായിക്കിടക്കുന്ന പൊതുസ്ഥലങ്ങൾ സർക്കാരിൽ നിക്ഷിപ്തമാക്കുവാൻ എന്തെല്ലാം നടപടികളാണ് സർക്കാർ ഇപ്പോൾ സ്വീകരിച്ചുവരുന്നത് ; വിശദമാക്കുമോ ? | (സി) ലാന്റ് ബാങ്കിൽ ശേഖരിച്ചിട്ടുള്ള വിവരങ്ങളിൽ ഉൾപ്പെടാതെ പോയിട്ടുള്ള സർക്കാർ ഭൂമികളോ, അനധികൃത കയ്യേറ്റങ്ങളോ മറ്റ് വിവരങ്ങളോ ഉണ്ടെങ്കിൽ ആയത് 1800 425 5255 എന്ന ടോൾ ഫ്രീ നമ്പരിൽ വിളിച്ച് അറിയിക്കാവുന്നതാണ് .കൂടാതെ സർക്കാർ ഭൂമിയിലെ കയ്യേറ്റം ഒഴിപ്പിക്കുന്നതിനും ഒഴിപ്പിച്ച സർക്കാർ ഭൂമി സംരക്ഷിക്കുന്നതിനുമായി ഭൂസംരക്ഷണ സേനക്ക് രൂപം നൽകിയിട്ടുമുണ്ട്. |

C. N. V. Kumar
സെക്ഷൻ ഓഫീസർ